മലയാള മനോരമ
ESTABLISHED 1888



കുമാരനാശാന്റെ ചരമശതാബ്ദിയാചരണം എഴുത്തുകാരൻ ഷൗക്കത്ത് ഉദ്ഘാടനം ചെയ്യുന്നു.

# കുമാരനാശാൻ ചരമശതാബ്ദി ആചരിച്ചു

ചിറയിൻകീഴ് ● മഹാകവി കുമാരനാശാന്റെ ജന്മഗ്രാമമായ അഞ്ചുതെങ്ങ് കായിക്കരയിൽ കേന്ദ്ര സാഹിത്യ അക്കാദമിയും കായിക്കര ആശാൻ സ്മാരകവും ചേർന്ന് കുമാരനാശാൻ ചരമശതാബ്ദിയാചരണവും സ്വാമി നിത്യചൈതന്യയതി ജന്മശതാബ്ദി അനുസ്മരണവും നടത്തി.

എഴുത്തുകാരൻ ഷൗക്കത്ത് അനുസ്മരണ സദസ്സ് ഉദ്ഘാടനം ചെയ്തു. സ്മാരകസമിതി ചെയർമാൻ ചെറുന്നിയൂർ ജയപ്രകാശ് അധ്യക്ഷനായി.

ഡോ.ബി.ഭുവനേന്ദ്രൻ, ഡോ. സാബുകോട്ടയ്ക്കൽ, ഡോ.ടി.കെ.സന്തോഷ്കുമാർ, അഞ്ചുതെങ്ങ് പഞ്ചായത്ത് പ്രസിഡന്റ് വി.ലൈജു എന്നിവർ പ്രസംഗിച്ചു.

പി.കെ.സാബു, ഡോ.ടി.സനൽകുമാർ, സ്വാമി നിത്യചൈതന്യയതി അനുസ്മരണ പ്രഭാഷണങ്ങൾ നടത്തി. സ്മിത പ്രകാശ് അധ്യക്ഷയായി.

സെമിനാറിൽ ഡോ.ബി.ഭുവനേന്ദ്രൻ, എച്ച്.ശാന്തൻ, വി.ജി.തമ്പി, ജയിൻ കെ.വക്കം, സാബു കോട്ടയ്ക്കൽ എന്നിവർ പ്രസംഗിച്ചു. കവിയരങ്ങ് ഗിരീഷ് പുലിയൂർ ഉദ്ഘാടനം ചെയ്തു. രാമചന്ദ്രൻ കരവാരം, സി.വി.വിജയൻ എന്നിവർ കവിതാലാപനം നടത്തി.